പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2995 13.07.2015 ലെ മറുപടിക്ക്

## റാന്നി പോലീസ് സ്റ്റേഷനിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) റാന്നി പോലീസ് സ്റ്റേഷനിൽ ഓഫീസർമാരടക്കം എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട് എന്ന് പറയാമോ; | എ) റാന്നി പോലീസ് സ്റ്റേഷനിൽ ഓഫീസർമാരടക്കം 49 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 11 തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്. |
| ബി) എന്തുകൊണ്ടാണ് ഇത്രയും തസ്തികകൾ ഇപ്പോഴും ഒഴിഞ്ഞു കിടക്കുന്നത്; ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്. |
| സി) ഗതാഗതം നിയന്ത്രിക്കാൻ ആവശ്യത്തിന് പോലീസുകാരെ നിയോഗിക്കാത്തതിനാൽ റാന്നി പെരുമ്പുഴയിലും ഇട്ടിയപ്പാറയിലും ഉണ്ടായിരുന്ന ഗതാഗത പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കാമോ ; | സി) ഉണ്ട്; റാന്നി പെരുമ്പുഴയിലും ഇട്ടിയപ്പാറയിലും ഗതാഗത തടസ്സം നിയന്ത്രിക്കുന്നതിന് എ.ആർ ക്യാമ്പിൽ നിന്നും 4 പോലീസ് ഉദ്യോഗസ്ഥരെ അധികമായി നിയമിച്ച് ഗതാഗതം നിയന്ത്രിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ